
# സേതു

## എഴുത്തും വായനയും



എഡിറ്റർ: പി.എം. ഷുക്കൂർ

# എന്നെ മറന്തിടാതെ കണ്ണേ

സി.എ. അനസ്

വികസിതമായ ഒരു സാംസ്കാരികപ്രകരണമാണ് നോവൽ. സമകാലികതയും ചരിത്രവും അവയുടെ ആഖ്യാനത്തിൽ ഇഴചേരുന്നു. ഏകാഗ്രമായ ആഖ്യാനം പ്രധാനം. വായനാനുകൂലമായ ഒരു ഭാവസ്ഥിതി അവയ്ക്കുണ്ടാകണം. സാഹിത്യത്തിലെ സ്ഥൂലശരീരമായ നോവലിന്റെ രൂപമിഴിവ് വായനാപരത എന്ന ഗുണം പ്രദാനം ചെയ്യും. ഭാഷാഭാവത്തിലോ രാഷ്ട്രീയഭാവത്തിലോ ഉള്ള വേറിട്ടൊരു രചനാതലം അവയുടെ നൈതിക ഇടം പ്രഖ്യാപിക്കും. അതുവഴി ആസ്വാദനത്തിന്റെ ഒരു കാന്തികപ്രേഷണം സാധ്യമാകുന്നു. ദുരന്തബഹുലമായ പെണ്ണനുഭവത്തോടു സഹാനുഭൂതി പുലർത്തുന്ന ഒരു കൃതിയാണ് സേതുവിന്റെ 'ആറാമത്തെ പെൺകുട്ടി.'(ഡി സി ബുക്സ്, കോട്ടയം, 2006).

കാദംബരിയുടെ ആർദ്രതനിറഞ്ഞ കഥ. വൈകാരികമായ പീഡാനുഭവത്തിന്റെയും സാമൂഹികമായ പീഡാനുഭവത്തിന്റെയും മുള്ളുകൾ അവളിൽ തറയ്ക്കുന്നു. അനാഥകാലവും വ്യർത്ഥമായ സനാഥകാലവും കാദംബരിയുടെ ജീവിതത്തിൽ ഇരുൾ വീഴ്ത്തുന്നു. വർണ്ണാഭമായ പൂക്കളുടെ നടുവിലിരുന്നിട്ടും അവയുടെ സുഗന്ധോത്സവങ്ങൾ അവൾക്ക് അന്യമാകുന്നു. പെണ്ണുടലിന്റെ പെരുമയെക്കുറിച്ച് പുരുഷവ്യവസ്ഥ സൃഷ്ടിച്ചിട്ടുള്ള ലൈംഗികമൂല്യം മൂലം ആസക്തിനിറഞ്ഞ നോട്ടങ്ങൾ അവൾക്കുനേരേ വിക്രിയകളുമായി അടുക്കുന്നു. ചെറുത്തുനില്പിനുള്ള ശേഷിയില്ലാത്തവൾ കാദംബരി. വീടും നാടും കാമനോട്ടമിടുന്നവൾ കാദംബരി. അശക്തമായ സ്ത്രൈണതയുടെ അന്തർഗ്ഗതങ്ങൾ ആഖ്യാനപ്പെടുത്തുന്ന നോവലാണിത്. ഈ ആഖ്യാനമാകട്ടെ പ്രതിരോധക്കോട്ട തീർക്കുന്ന രാഷ്ട്രീയമുഴക്കങ്ങൾ എന്നതിനെക്കാൾ സ്ത്രൈണാനുഭവത്തിന്റെ വിശദീകരണമാണ്.

വർഷങ്ങൾ കാത്തിരുന്നിട്ടും പ്രാർത്ഥിച്ചിട്ടും മക്കളുണ്ടാകാത്ത പൂക്കച്ചവടക്കാരായ ശങ്കരരാമനും ഗോമതിക്കും കരുമാരിയമ്മൻകോവിലിലെ ഉത്സവപ്പറമ്പിൽനിന്നും ഒരു നാലു വയസ്സുകാരിയെ കിട്ടുന്നു. ഊരും പേരുമില്ലാത്ത അവൾക്ക് അവർ അതെല്ലാം നല്കുന്നു. കാദംബരിയുടെ വരവോടെ പിള്ളെയാർവീഥിയിലെ അവരുടെ ജീവിതത്തിനും പൂക്കച്ചവടത്തിനും ഔത്സുക്യം കൈവരുന്നു. കടുത്ത അനുഭവങ്ങളാണ് അവൾക്ക് ചെറുപ്രായത്തിൽതന്നെ. നൃത്താധ്യാപകൻ നട്ടുവൻ ശിവമണിയും സംഗീതാധ്യാപകൻ പൊന്നയ്യൻ ഭാഗവതരും ആഗ്രഹനോട്ടത്തോടെ സമീപിക്കുന്നു, സ്പർശിക്കുന്നു. അവൾ എരിയുന്നു. പന്ത്രണ്ടാം ക്ലാസ്സിൽവെച്ച് ഏവരും അവൾക്ക് റാങ്ക് പ്രതീക്ഷിച്ചെങ്കിലും ഒന്നാം ക്ലാസ്സു മാത്രമേ അവൾ നേടിയുള്ളൂ. അതിനാൽ മകളെ ഡോക്ടറാക്കുക എന്ന ശങ്കരരാമന്റെ സ്വപ്നം നടക്കുന്നില്ല.

പഠനത്തിന്റെ അന്ത്യഘട്ടത്തിൽ വീട്ടിലെത്തിയ ചരിത്രാധ്യാപകൻ വേദനായകം അവളെ ആവേശത്തോടെ ചുംബിക്കുന്നു. അതോടെ അവളുടെ പഠനത്തിലുള്ള ശ്രദ്ധ കുറയുന്നു. അന്നേരം അയാളെ ആട്ടിപ്പുറത്താക്കിയെങ്കിലും പിന്നീട് 'വേദനായകം' അവളുടെ ഉള്ളിലൊരു നിശ്ശബ്ദചലനം സൃഷ്ടിക്കുന്നു. കാദംബരിക്കു മുന്നിലെത്തുന്ന ഗുരുക്കന്മാർ ഉൾപ്പെടെയുള്ളവരിൽനിന്നും ഇങ്ങനെയൊരു ലൈംഗിക സമീപനം ഉണ്ടാകുന്നു. തന്റെ സഹപാഠിയായ കോവൈ പവിഴത്തിന്റെ മാനസിക-ശാരീരിക ആവശ്യങ്ങളുടെ ശരിയായ ഭാഷ മനസ്സിലാക്കാനാവാതെ ആദ്യമെല്ലാം അവൾ കുഴങ്ങുന്നു. 'ഇക്കിളി' മാത്രമായേ അവളിതെല്ലാം കരുതിയുള്ളൂ. സ്വവർഗ്ഗപരമായ ആമോഹഭാഷ തിരിച്ചറിഞ്ഞ കാദംബരി അവളെ അടിക്കുന്നു, അകറ്റുന്നു. പക്ഷേ, കാദംബരിയുടെ ഹൃദയം ഇതിൽ പലതും ആഗ്രഹിക്കുന്നുണ്ടായിരുന്നു. അവളുടെ അബോധത്തിൽ സ്നേഹവും ബന്ധങ്ങളും അടിച്ചമർത്തപ്പെട്ടുകിടക്കുന്നുണ്ടായിരുന്നു. പിന്നീട് തന്നെ ഓർക്കുന്നില്ലെന്നു പവിഴം പറഞ്ഞതായി അറിയുമ്പോൾ ഒരു കനൽവേദന അവളിൽ ഉണ്ടാകുന്നുണ്ട്. ഒടുവിൽ? അവൾ പ്രതീക്ഷിക്കാത്ത മാളത്തിൽനിന്നും ഗൃഹാന്തരത്തിൽ നിന്നുതന്നെ ആഗ്രഹപുരുഷൻ ഫണമുയർത്തി ആടിയപ്പോൾ അനിശ്ചിതമായ ജീവിതയാത്ര അവളെ മറ്റൊരു പൂക്കടക്കാരന്റെ ചായിപ്പിൽ ആറാമത്തെ പെൺകുട്ടിയാക്കി മാറ്റുന്നു.

സ്ത്രീ-പുരുഷ ലോകങ്ങളുടെ വൈരുദ്ധ്യാത്മകതയാണ് കൃതിയുടെ അന്തർദർശനമായി സൂക്ഷ്മവായനയിൽ തെളിയുന്നത്. പുരുഷകാമനകളുമായി ഇടയുന്ന കാദംബരി പവിഴത്തിന്റെ സ്ത്രൈണകാമനയുടെ വികാരക്ഷോഭമാർന്ന സ്പർശഭാഷ തിരിച്ചറിയുന്നു. ചെറുത്തുനില്പിന്റെ ദുർബലമായ ലോകം പുരുഷന്മാരുടെനേരേ പ്രകടിപ്പിക്കുമ്പോൾ ഇതിനു വിരുദ്ധമായി പവിഴത്തെ അവൾ ആഞ്ഞടിക്കുകതന്നെയാണ്. കാദംബരി കരുത്തു കാണിക്കുന്ന ഏക സന്ദർഭം. പുരുഷവേഷം എന്തെന്ന് അവൾക്കറിയാം. എന്നാൽ സ്ത്രീയും സ്ത്രീയും തമ്മിൽ? സ്ത്രീ-സ്ത്രീസംസർഗ്ഗമെന്ന അവിശ്വസനീയമായ യാഥാർത്ഥ്യം അവൾക്ക് ഉൾക്കൊള്ളാനാവാത്തതിന്റെ ഭാഗമാകുന്നു ഈ അടി. എന്നാൽ പിന്നീട് സ്നേഹപ്പൂക്കൾ പൊഴിച്ച പവിഴത്തോട് ആഴമുള്ള അടുപ്പവും അവൾക്കു തോന്നുന്നുണ്ട്. ഈ അടുപ്പത്തിന്റെ വിവക്ഷകൾ ആഖ്യാനത്തിൽ വ്യക്തമല്ല. പവിഴത്തിന്റെ ആഗ്രഹം സാധൂകരിക്കാൻ കാദംബരി തയ്യാറാകുന്നതാണോ? അതോ തുടരാനാഗ്രഹിക്കുന്ന വെറും സ്നേഹബന്ധം മാത്രമോ? എന്നാൽ വേദനായകത്തെ പിന്നീട് അന്വേഷിക്കുമ്പോൾ സുരക്ഷിതമായ ഒരു കുടുംബജീവിതംതന്നെയാണവൾ കൊതിക്കുന്നത്. "എല്ലാ ആണുങ്ങളും വേദനായകമാകുന്നു. ഒരേ വേദനായകത്തിന്റെ പല മുഖങ്ങൾ, പല ഭാവങ്ങൾ" (65) എന്ന് കടിയേറ്റ ചുണ്ടുകളോടെ അവൾ അമർഷം ഉള്ളിലടക്കുന്നു. ഉഭയഭാവം പ്രകടിപ്പിക്കുന്ന കാദംബരിയെയാണ് നോവലിൽ കാണുന്നത്. "...അവൾ സ്റ്റാഫ്റൂമിന്റെ തിണ്ണയിലൂടെ രണ്ടു പ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും നടന്നു. ഇല്ല, വേദനായകം വന്നിട്ടില്ല. ആരോട് ചോദിക്കാനാണ്? ...കാദംബരിയുടെ ഉള്ള് പിടയുകയായിരുന്നു. മാഷ് ഇന്ന് വന്നിട്ടില്ല. നാളെയോ?"(71). 'വല്ല ചുറ്റിക്കളിയുമുണ്ടെങ്കിൽ തുറന്നു പറയാൻ' പവിഴം പറയുമ്പോൾ കാദംബരിയുടെ മനസ്സിൽ വിവിധ

വികാരങ്ങൾ അലതല്ലുന്നു; "പെട്ടെന്ന് ഉള്ളിലൊരു തോന്നലുണ്ടായി. ആ വേദനായകത്തിന്റെ കാര്യം ഒന്ന് തഞ്ചത്തിൽ സൂചിപ്പിച്ചാലോ? അന്ന് വീട്ടിൽ വന്ന കാര്യം മാത്രം പറയണമെന്നില്ല. അയാളെപ്പറ്റി കൂടുതൽ കണ്ടുപിടിക്കാൻ ഇവൾ മതി"(113). പക്ഷേ, ഈ അവസ്ഥ വേഗത്തിൽ മാറുന്നു. "ഇല്ല, ഇനിയില്ല. കാദംബരി സ്വയം പറഞ്ഞു. അന്നത്തെ വെറുപ്പ് പിന്നീട് ഏതാണ്ടൊരു അറപ്പായിമാറിയപ്പോൾ ഇണങ്ങിയ പിശാചിനെ ഉള്ളിൽ കൊണ്ടു നടക്കുന്ന ഇത്തരം ആളുകളെപ്പറ്റി നിനയ്ക്കുന്നതേ പാപമാണെന്ന തോന്നൽ ഉള്ളിൽ ബലപ്പെട്ടു" (113).

വേദനായകത്തിന്റെ ചുംബനം ആത്മാർത്ഥമായ പ്രണയത്തിന്റെ ഭാഗമായിരുന്നുവെന്ന് നാം അറിയുന്നു. കാദംബരി 'ഡോക്ടർ ഭാഗം' പഠിക്കാൻ തയ്യാറാകുന്നതിനെ അയാൾ എതിർക്കുന്നു. "നീ റൊമ്പ ഇന്റലിജന്റ്. നീ പഠിച്ചു പെരിയ ആളായാൽ..."(62) എനിക്കു കിട്ടില്ല എന്നതാണ് വേദനായകത്തിന്റെ വേവലാതി. ചുംബനാനന്തരം അയാൾ സ്കൂളിൽ വരാതിരുന്നത് കുറ്റബോധംകൊണ്ടാണ്. കാദംബരിയെ കാണാതായതിനുശേഷം അയാൾ പ്രകടിപ്പിക്കുന്ന വികാരവിക്ഷോഭങ്ങൾ അവളോടുള്ള അനുരാഗത്തിന്റെ ഭാഗമാണ്(136, 137). ദുർബലനാണ് വേദനായകം. കോളജിൽ പോയതിനാലാണ് കാദംബരിക്ക് ഇതു സംഭവിച്ചതെന്ന് അയാൾ തന്റെ യാഥാസ്ഥിതിക മനോഭാവം വിളിച്ചറിയിക്കുന്നു. തന്റെ കടന്നുകയറ്റത്തിനുശേഷം പ്രണയത്തിനായുള്ള, കുടുംബജീവിതത്തിനായുള്ള തുടർപദ്ധതികളാവിഷ്കരിക്കാൻ വേദനായകത്തിനു കഴിയുന്നില്ല. കാദംബരിക്കാകട്ടെ അയാളെ കണ്ടുമുട്ടുവാനും കഴിയുന്നില്ല. 'ചുറ്റിക്കളി'യെന്ന കാര്യം വരുമ്പോൾ കാദംബരി മനസ്സിലോർക്കുന്ന ഏക പേര് വേദനായകത്തിന്റേതു മാത്രമാണെന്നതും ശ്രദ്ധിക്കുക. അവളുടെ സമ്മതമില്ലാതെതന്നെ ലഹരിപിടിച്ച ഒരു 'ചുറ്റിക്കളി'യിൽ അയാൾ ഏർപ്പെട്ടിട്ടുമുണ്ടല്ലോ.

നോവലിലെ പ്രധാന കലഹക്കാരി പവിഴം ആണ്. വ്യവസ്ഥാപിത ലോകത്തോട് അവൾ പല അർത്ഥത്തിലും ഇടയുന്നു. ശാസ്ത്രവും പാരമ്പര്യവും തമ്മിലുള്ള സംഘർഷം സൈബർ കഫേയുമായി ബന്ധപ്പെട്ട സൂചകത്തിലൂടെ ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നു. നവനാഗരികതയുടെ പ്രതീകമായി പവിഴം. പാരമ്പര്യത്തിന്റെ ചിഹ്നമായി കാദംബരി. സൈബർ കഫേ പവിഴത്തിനും പിള്ളൈയാർ വീഥി കാദംബരിക്കും. പവിഴത്തിന്റെ സ്വപ്നം പൂക്കുന്നില്ല. ഒരരിശത്തിനു പവിഴത്തെ വിട്ടുപോന്നുവെങ്കിലും കാദംബരിയുടെ മനസ്സ് അവളെ തേടുന്നു. എന്നാൽ, പവിഴത്തിന്റെ സ്വവർഗ്ഗസ്നേഹം ആത്മാർത്ഥമായിരുന്നോ എന്ന് നാം സംശയിക്കും. "പവിഴത്തെപ്പറ്റി ഓരോന്നു കേട്ടപ്പോൾ തന്റെ ഉള്ളിലെന്തോ തുടിക്കുന്നത് കാദംബരിയറിഞ്ഞു. അവൾക്കറിയേണ്ടത് മറ്റൊന്നായിരുന്നു.

തന്നെപ്പറ്റി വല്ലതും തിരക്കിയോ പവിഴം?"(132).

പവിഴത്തിന്റെ മറവി ശ്രദ്ധേയം: "അവൾക്ക് തീരെ ഓർമ്മയില്ലത്രെ. ഏത് കാദംബരി? തന്റെ ഡിവിഷനിൽതന്നെയായിരുന്നോ എന്നൊക്കെയാണ് അവൾ ചോദിച്ചത്"(132). ഒരുപക്ഷേ, കവിളിലേറ്റ അടി അവളുടെ സ്ത്രൈണതാപരമായ ജൈവവാസനയെ നശിപ്പിച്ചതായിരിക്കാം. മാത്രമല്ല, പുരുഷവിരോധം പ്രകടിപ്പിക്കുന്ന അവളുടെ(112) ഉള്ളിൽ അബോധപരമായി

ആണനുഭവം ഉണ്ട്. അവളുടെ സൈബർ സുഹൃത്തിനെക്കുറിച്ചു പറയുന്നു: "അവന്റെ കൊഞ്ചലിനുമുണ്ട് അതിന്റേതായൊരു അഴക്. ചിലപ്പോൾ വേണ്ടാത്ത ഓരോന്നു പറഞ്ഞ് അവൻ നമ്മെയങ്ങ് വല്ലാതെ നാണിപ്പിക്കും"(58). "ഒരു നിമിഷം പുലർച്ചയ്ക്ക് ഉറങ്ങിയെഴുന്നേല്ക്കുമ്പോൾ എന്റെ കാദംബരിയൊരു പുരുഷനാകുക! പുരുഷന്റെ എല്ലാ അവയവങ്ങളും അതു കൊടുക്കുന്ന ഊറ്റവുമായി ഒരുതരം കാദംബരി"(90). കാദംബരിയെ വശീകരിക്കുന്നതിനുവേണ്ടി ഒരു ത്യാഗസന്നദ്ധമായ പ്രവർത്തനമൊന്നും പവിഴം നടത്തുന്നില്ല. (ഇന്ദുമേനോന്റെ 'ഒരു ലെസ്ബിയൻ പശു' എന്ന കഥയിലെ 'നന്ദിനി ഗോമാത' എന്ന സ്വവർഗ്ഗക്കാരി മെഹ്റുന്നിസയ്ക്കുവേണ്ടി പോരടിച്ച് മരിക്കുന്നു. 'ഗേൾഫ്രണ്ട്' എന്ന ഹിന്ദി സിനിമയിൽ നായിക തന്റെ പ്രണയിനിക്കുവേണ്ടി ജീവത്യാഗം ചെയ്യുന്നു. ഇവ രണ്ടും പ്രതിബദ്ധത നിറഞ്ഞ ലൈംഗിക രാഷ്ട്രീയത്തെയാണ് മുന്നോട്ടുവയ്ക്കുന്നത്). സന്ദിഗ്ധത നിറഞ്ഞ കാദംബരിയെ നോക്കൂ, "അന്നു രാത്രിയിൽ കാദംബരിക്ക് തീരെ ഉറങ്ങാനായില്ല. മയക്കത്തിന്റെ ഓളങ്ങളിൽ പൊങ്ങിയും താണും കിടക്കുമ്പോൾ തൊട്ടടുത്ത് ഒരു സാന്ത്വനസ്പർശവുമായി പവിഴത്തെ അവളറിഞ്ഞു. മെത്തയിൽ തൊട്ടടുത്തായി പറ്റിച്ചേർന്നുകൊണ്ട് പവിഴം. അവളുടെ കൈകൾ തന്നെ വരിഞ്ഞുമുറുകിയിരിക്കുകയാണ്. ആ മെലിഞ്ഞുനീണ്ട വിരലുകൾ എവിടെയോ ഒക്കെ അരിച്ചുനീങ്ങുന്നതുപോലെ. അവൾ ഉറക്കെ ശ്വാസം വലിക്കുമ്പോൾ പൊള്ളുന്ന വായു തന്റെ കവിളിൽ. തീരെ പരിചിതമല്ലാത്തൊരു പുരുഷഗന്ധം ഉടലിലേക്കു പടർന്നുകയറുകയാണ്. കാദംബരി കിടന്ന് പുളഞ്ഞു. മേലാകെ പൊട്ടിത്തരിക്കുകയാണ്. ഇപ്പോൾ പവിഴം എന്റെ കൂടെയുണ്ട്. എന്റേതു മാത്രമായൊരു പവിഴം"(123). ഇതിൽനിന്നും കാദംബരിയും പ്രണയിക്കുന്നതിനായി ഒരു അപരശരീരത്തെ തേടുന്നുണ്ട് എന്നു വരുന്നു. പക്ഷേ, അതു സാർത്ഥകമാക്കുന്നതിനുള്ള ഭൗതികബലം അവൾക്കില്ല.

പിതൃകോയ്മയും പുരുഷാധിപത്യവും വെറും നിഴൽരൂപങ്ങൾ മാത്രമാണ് നോവലിൽ. കാദംബരിയുടെ ചെറിയ പ്രതിഷേധംപോലും അവയെ ഓടിക്കുന്നു. തണ്ടുബലമില്ലാത്ത ചെടികളാണ് കഥാപാത്രങ്ങൾ. നൈമിഷികവും ലോലവുമായ കേവല വികാരങ്ങൾ എന്ന നിലയിൽ രതിബോധം നിഷ്ക്രിയഘടകമായിത്തീരുന്നു. ആർക്കും രത്യാത്മകതയുടെ അധീശത കൈവരുന്നില്ല. കാദംബരിയും അതേപോലെ അവളുടെ ശല്യബിംബങ്ങളും നിരന്തരം പിന്മാറുന്ന ചിത്രം നോവലിൽ തെളിയുന്നു. പ്രതിസന്ധിയെ അഭിമുഖീകരിക്കുമ്പോൾ ഉറച്ചുനില്ക്കുന്നതിനായുള്ള ആശയശാസ്ത്രമോ രാഷ്ട്രീയമോ ഇവർക്കില്ല. പിടിച്ചുനില്ക്കാനുള്ള സ്ഥൈര്യസ്ഥലം ലഭിക്കുന്നില്ല. ഇത്തരമൊരു ഇടത്തിന്റെ അഭാവമാണ് കാദംബരിയെ നിതാന്തമായ അനാഥത്വത്തിൽ എത്തിക്കുന്നത്. വ്യവസ്ഥയിൽ അടിയുറപ്പു കിട്ടുന്നില്ല. ഒരു പുരുഷവ്യവസ്ഥയെന്നൊന്നും ഇതിനെ വിളിക്കാനാവില്ല. കാരണം പതറുന്ന പുരുഷകാമനകൾ മാത്രമാണിവർ പലായനം ചെയ്യുന്ന ലോലജീവികൾ. ഒപ്പം കാദംബരിയിലും പലായനത്വരതന്നെയാണ് ഉള്ളത്: "ഞാൻ വെറുമൊരു കാദംബരി. ഏതോ കാറ്റത്ത് പാറിവന്ന് എവിടെയോ വീണ വിത്ത്.

താഠനേ മുളച്ചത് കാറ്റിന്റെ കൈത്തലോടലിൽ മഴയുടെ വിരൽസ്പർശത്താൽ അവൾ സ്വയം പറഞ്ഞു"(12).

ആൺചൊരുക്ക് കാണുക; "ആരെയും കൂട്ടാക്കാത്ത പ്രകൃതം. രണ്ടു കൈയും ആഞ്ഞുവീശി, ആൺകുട്ടിയെപ്പോലെയാണവൾ നടക്കുക. ശബ്ദത്തിലും തെല്ലൊരു ആൺകുരലിന്റെ പരുപരുപ്പ്. ഈ നശിച്ച യൂണിഫോമില്ലായിരുന്നെങ്കിൽ താൻ ആൺവേഷത്തിൽതന്നെ വരുമായിരുന്നു എന്നാണവൾ പറയാറ്" (46). "പക്ഷേ, മിക്ക പെൺകുട്ടികളും ആദ്യം അവളോട് അടുക്കാൻ മടിച്ചു. കൂട്ടത്തിൽ ചേർക്കാൻ പറ്റാത്തൊരു മുഖപ്രകൃതി. ഇത്തിരി ഏതാണ്ടൊക്കെ ആണിന്റേപോലെ"(47). പവിഴത്തിന്റെ പ്രത്യേകതയാണിത്. സൈബർ കഫേയിൽ "ആണും പെണ്ണുംകൂടിയുള്ള ഡിങ് ഡിങ്"(56) കാണാൻ കാദംബരി ധൈര്യപ്പെടുന്നില്ല. അപ്പോൾ പവിഴം പറയുന്നു: "ഇതെ പാര് കാദംബരി, പൊണ്ണായിരുന്താൽ കൊഞ്ചം ബോൾഡായിരിക്കണം. ഇന്ത കെട്ട കാലത്തില് ആൺപെൺ വ്യത്യാസം ഒണ്ണുമെ കെടയാത്"(58,59).

സയൻസിനെപ്പറ്റിയുള്ള ഊറ്റം തീരെ ഇഷ്ടപ്പെടാത്തവളാണ് വെർച്വൽ വേൾഡിനെ കൊണ്ടാടുന്ന പവിഴം(92). എന്തിലും വിശ്വസിക്കാൻ തയ്യാറാണവൾ; "ഒരുനാൾ പിള്ളെയാർകോവിലിനു മുകളിലൂടെ കാദംബരി ചിറകുവിരിച്ചു പറന്നുപോകുന്നു എന്നു കേട്ടാലും വിശ്വസിക്കും. വങ്കൻ സ്വപ്നങ്ങളിലൂടെ കടന്നുപോകാത്ത കുട്ടിക്കാലവും കൗമാരവും വെറും വേസ്റ്റ്"(92) എന്നാണ് അവളുടെ പ്രമാണം. "അണ്ണനെ പങ്കുവയ്ക്കാനായി ദൂരെ ഏതോ നഗരത്തിൽനിന്ന് വന്നെത്താൻ പോകുന്ന ആ പരിഷ്കാരി പെൺകുട്ടി"(94) യെ അവൾ പേടിക്കുന്നു. "ചിലപ്പോഴെല്ലാം തനിക്ക് ഈ പവിഴത്തിനെ തീരെ മനസ്സിലാകുന്നില്ലല്ലോ എന്നോർക്കുകയായിരുന്നു കാദംബരി. മറ്റു പലരെയുംപോലെ ഇവിടെ പവിഴത്തിനും പല മുഖങ്ങൾ, പല സമയങ്ങളിലായി"(94). കാദംബരിക്കെന്നപോലെ പവിഴം നമുക്കും പിടിതരുന്നില്ല.

"അയ്യാശാസ്ത്രികളുടെ കരിപിടിച്ച മനസ്സിൽനിന്നുമാത്രം വരാവുന്ന വാക്കുകൾ"(121) കൃതിയുടെ ദർശനത്തെ സ്വാധീനിക്കുന്നുണ്ട്. അയ്യാശാസ്ത്രികളുടെ കരിക്കോലങ്ങളായി ഇളകിയാടുന്ന വാക്കുകൾക്ക് തടയിടാൻ വൈകിത്തോന്നിയ ബുദ്ധിമൂലം ശങ്കരരാമനു കഴിയുന്നില്ല(95). ശാസ്ത്രികൾ വംശീയമായി മുന്നേറുന്ന കാഴ്ചകൾ ഇനിയുമുണ്ട്. "സയൻസുകൊണ്ടു വ്യാഖ്യാനിക്കാനാവാത്ത ഒന്നിലും തനിക്ക് വിശ്വാസമില്ലെന്ന് വാശിപിടിക്കുമ്പോൾ ബാലുവണ്ണനും മറ്റൊരു ശാസ്ത്രിയാകുകയാണെന്ന് തോന്നാറുണ്ട് ചിലപ്പോഴൊക്കെ"(92). "ഈ സൈബർ സ്പേസും വെർച്വൽ വേൾഡുമൊക്കെയുള്ള കാലത്ത് ആർക്കുവേണം ഈ ഉച്ചിക്കുടുമകളുടെ പ്രഭാഷണങ്ങൾ? തലയിൽ ഏരിയലുണ്ടെന്നുവെച്ച് റിസപ്ഷൻ നന്നാകണമെന്നില്ലല്ലോ"(92). സയൻസിനുവേണ്ടി വാദിക്കുന്ന ബാലുവണ്ണൻ; 'കുലമഹിമയും ഗോത്രപ്പെരുമയും' പറയുന്ന(83) ലോകം മാറുന്നതറിയാതെ മണ്ണിനടിയിൽ തലപൂഴ്ത്തിനില്ക്കുന്ന (88) ശാസ്ത്രികളോടാണ് സമവായമാകുന്നത് എന്നോർക്കുക. ശാസ്ത്രികളുടെ തലച്ചോറ് ശ്രേഷ്ഠമാണെന്ന ബോധം സംശയിക്കപ്പെടുന്നില്ല. ഒരു 'റിസപ്ഷൻ' പ്രശ്നം മാത്രമേ ഉണ്ടായിരുന്നുള്ളൂ. വിശേഷബുദ്ധിയുള്ള വംശമായി ശാസ്ത്രികൾ നിലകൊള്ളുന്നു, മാതൃകയാകുന്നു. അയാൾ ഉപദേശിക്കുന്നു: "പഠിച്ചു പുരപ്പുറത്തു കയറിയാലും

പിടക്കോഴികൾക്ക് കൂവാനാകില്ല. പെൺകുട്ടികൾ വലിയ തുക്കിടി ദൊര മാതിരിയാകണമെന്ന് ഏതു ശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നു. എന്താണ വർക്ക് ശാസ്ത്രപുരാണങ്ങളിൽ പറഞ്ഞുവെച്ചിട്ടുള്ള ധർമ്മം? ഒരു നല്ല ഭാര്യ യായി, ഒരു നല്ല അമ്മയായി, കുടുംബത്തിന്റെ ആധാരശിലയാകുക, സന്തതി പരമ്പരകളെ വർദ്ധിപ്പിക്കുക, സ്വന്തം പുരുഷനെയും കുടുംബത്തിലെ മറ്റു മുതിർന്നവരെയും ശുശ്രൂഷിക്കുക..."(84). എങ്ങും തൊടാത്ത കുറെ പുതിയ ശാസ്ത്രവാക്യങ്ങളും പഴമ്പൊരുളുകളും കേട്ട ഗോമതിയിൽനിന്നും ഒരു പരിഹാസച്ചിരി ഉയരുന്നുണ്ട്.

ആത്മീയതയുടെ ഒരു തലം നോവലിൽ പ്രബലമാണ്. പൂക്കൾ ചീയു മ്പോൾ അവയുടെ ഉണ്മ തിരിച്ചറിയാനാകാതെയും(79) കാദംബരിയുടെ വല്ലാ ത്തൊരു ചിരിയുടെ ഉണ്മ മനസ്സിലാക്കാതെയും ശങ്കരരാമൻ കുഴങ്ങുന്നുണ്ട് (97). "ഏതോ മുജ്ജന്മപാശത്തിലെന്നപോലെ," "അവർ മുജ്ജന്മപാപങ്ങ ളുടെ ഭാരം പേറുന്നവർ," "പിതൃക്കളുടെ ആശിർവാദം" തുടങ്ങിയുള്ള ധാരാളം ആത്മീയ രൂപകങ്ങൾ കാണാം. കടയുടെ താക്കോൽക്കൂട്ടം മഹാലക്ഷ്മി യുടെ ചിത്രത്തിനുമുമ്പിൽ പ്രാർത്ഥനയോടെ വയ്ക്കുന്നതിനു പകരം ശങ്കര രാമൻ ഒരിക്കൽ അതു വലിച്ചെറിഞ്ഞു(119). പിന്നീട് പശ്ചാത്താപവിവശനായി വിറച്ചുകൊണ്ട് താക്കോൽക്കൂട്ടവുമായി ദൈവചിത്രത്തിനുമുന്നിൽ നിന്ന് പ്രാർത്ഥിക്കുന്നു(120). ദൈവികമായൊരു ട്രീറ്റ്മെന്റ് കഥാപാത്രങ്ങൾക്കെല്ലാ മുണ്ട്. ഒരു 'വിധിവാദം' കൃതിയിൽ പ്രവർത്തിച്ചിരിക്കുന്നതിനു കാരണം ഇതാണ്. ഈ വിധിയാകട്ടെ കാദംബരിമാരുടെ ലൗകികജീവിതത്തെ ബഹു മാനിക്കാത്തതായി മാറുന്നു.

സന്ദിഗ്ദ്ധതകളും സന്ദേഹങ്ങളും പേറുന്നവരാണ് സേതുവിന്റെ കഥാ പാത്രങ്ങൾ. വർഗ്ഗ-ജാതിപരമായി മേൽത്തട്ടിൽ നില്ക്കുന്നവർക്കാകട്ടെ വേവ ലാതികളൊന്നുമില്ല. മുഖ്യധാരയ്ക്കു വെളിയിൽ നില്ക്കുന്നവരുടെ യാതന കളുടെ ഒരു മുഖം ഈ നോവൽ ഓർമ്മിപ്പിക്കുന്നു. വിലാസരഹിതരായവ രുടെ ജീവിതകാഠിന്യങ്ങൾ വെളിപ്പെടുത്തുന്നു 'ആറാമത്തെ പെൺകുട്ടി,' വിശേഷിച്ച് സ്ത്രീകളുടെ. ഈ അവസ്ഥയ്ക്കെതിരെ സഫലമായ പ്രതി രോധം എങ്ങനെയാവണമെന്നതാണ് വായനയുടെ രാഷ്ട്രീയചിന്ത. "അതു തോറ്റവന്റെ ശബ്ദമായിരുന്നില്ല. ഉള്ളുറപ്പില്ലാത്തവന്റെ സന്ദേഹങ്ങളായി രുന്നു"(120) എന്ന ശങ്കരരാമനെക്കുറിച്ചുള്ള പരാമർശത്തിൽ നോവലിന്റെ ഫിലോസഫി കൃത്യമായി വായിക്കാനാകുന്നു. ഗുരുബന്ധങ്ങൾ രതിബന്ധ ങ്ങളിലേക്കു നീളുന്നുവെന്ന തിണർത്ത യാഥാർത്ഥ്യം കാദംബരിയെ പൊള്ളി ക്കുന്നു. "അന്ത ആള് സരിയല്ലാമ്മാ, എന്നമോ മാതിരി പാർക്കറായ്."